# ഓണവില്ല്

## സെന്റ് ജോസഫ്സ് എച്ച് എസ്, വരാപ്പുഴ



# ആശംസ

"ഓണവില്ലിൻ തംബുരുമീട്ടും വീടാണീ വീട് "...

ഓണപ്പാട്ടുകളും ഓണക്കളികളുമായി ഓണക്കോടിയുമുടുത്ത് പൂക്കളമെഴുതിയും ആർപ്പുവിളികളുമായി കുഞ്ഞുങ്ങൾ ഓടിനടന്നിരുന്ന വിദ്യാലയാങ്കണം ഇന്ന് ശൂന്യമായിരിക്കുന്നു.എന്നാൽ മനസ്സുകളെ ബാധിച്ച ഈ ശൂന്യതയെ നിറവാക്കി മാറ്റുകയാണ് വരാപ്പുഴ,സെന്റ്.ജോസഫ്സ് ഹൈസ്കൂളിലെ യു.പി. വിഭാഗം വിദ്യാർത്ഥികൾ.

ലോകം മുഴുവൻ ആധിപത്യമുറപ്പിച്ച കൊറോണയെന്ന വില്ലനെ ജാഗ്രതയോടെ നേരിട്ട് മനസ്സുകൊണ്ട് ഒത്തൊരുമിച്ച് ഞങ്ങളുടെ യു.പി.ക്ലാസ്സുകളിലെ കുരുന്നുകൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു,"ഓണവില്ല് "

കുട്ടികളുടെ സർഗ്ഗവേദിയായ വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ വരാപ്പുഴ, സെന്റ്.ജോസഫ്സ് യു.പി. വിഭാഗം വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന ഈ "ഓണവില്ല്" മഴവിൽമനോഹാരിത നിറഞ്ഞ ഓണക്കാഴ്ചകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. കൊച്ചുകൂട്ടുകാർ തയ്യാറാക്കിയ ഈ " ഓണവില്ലി"ന് എല്ലാവിധ ആശംസകളും ഹൃദയപൂർവ്വം നേരുന്നു.

ഹെഡ്മിസ്ട്രസ്.

## പത്രാധിപസമിതി

നിരഞ്ജന സൈന്ധവ

അൽന റോസ്

നീതു കെ എം

ആൻ മരിയ ജേക്കബ്ബ്

നിയ വിനു



# ഉള്ളടക്കം


- ആശംസ 2
- വരും ഓണം — കവിത 4
- കാത്തിരിപ്പിന്റെ ഓണം — കഥ 5
- കൊറോണക്കാലത്തെ ഓൺലൈൻ ഓണം — ലേഖനം 6
- ഓണപ്പദങ്ങൾ 7
- ഓണച്ചൊല്ലുകൾ 8
- ഐതിഹ്യങ്ങളുടെ കലവറയായ ഓണം — ലേഖനം 9







## വരും ഓണം.....

കവിത

ഓണം വന്നേ ഓണം വന്നേ
പൂവിളികൾ എങ്ങും കേൾക്കാതായ്
ഓണം വന്നേ ഓണം വന്നേ
ഓണത്തപ്പാ പോന്നോളൂ
തുമ്പിപ്പാട്ടും തുമ്പി തുള്ളലും
ആർപ്പും ആരവങ്ങളുമില്ലാതെ
ഓണം വന്നു ഓണം വന്നു
വീട്ടിലിരുന്നോണസദ്യയുണ്ണാം.
മാവേലിത്തമ്പുരാൻ ഇക്കുറിയും
വന്നല്ലോ ഓണസദ്യയുണ്ണാൻ
സാമ്പാറും, തോരനും, അവിയലും, അച്ചാറും,
പച്ചടി, കിച്ചടി ,പപ്പടവും
കൂട്ടിക്കുഴച്ച് പായസമുണ്ട്
മാവേലിത്തമ്പുരാൻ പോയീടുന്നു.
ഐശ്വര്യവും ആയുരാരോഗ്യവും നേർന്ന്
മാവേലിത്തമ്പുരാൻ പോയിടുമ്പോൾ
കാത്തിരിക്കാം ഒത്തൊരുമിച്ചൊരു നല്ല
ഓണത്തിനായി വരും വർഷവും .

സ്മിത, 5 സി



# കാത്തിരിപ്പിന്റെ ഓണം....

കഥ

ഒരിടത്ത് ഒരു വീട്ടിൽ ഒരു വൃദ്ധൻ ഒറ്റയ്ക്ക് താമസിച്ചിരുന്നു. രാമനും ഗംഗയും പകൽസമയത്ത് അദ്ദേഹത്തെ സഹായിക്കാൻ സഹായികളായി കൂടെയുണ്ട്."രാമൻ എത്തിയോ?" വൃദ്ധൻ ചോദിച്ചു." ഞാൻ ഇന്ന് കുറച്ച് നേരത്തെ ഇറങ്ങി.മാഷ് വീണ്ടും കത്തെഴുതുകയാണോ?"

ഇതിപ്പോ ഒരു ശീലമായടോ... ഓണത്തിന് കുട്ടികൾ വരുമ്പോൾ മാത്രമാണ് എനിക്കൊന്നു സന്തോഷിക്കാൻ കഴിയുന്നത്. എനിക്ക് വേറെ ആരാണുള്ളത്?? ഈ ഓണത്തിന് മക്കളും കുട്ടികളും എല്ലാവരും എത്തും. സദ്യയൊക്കെ ഗംഭീരമാക്കണം.

"രാമൻ എന്നാൽ അതിനുള്ള ഏർപ്പാടുകൾ തുടങ്ങിക്കോ, എനിക്ക് കത്ത് എഴുതുവാനുണ്ട്." വൃദ്ധൻ പേപ്പറിൽ കുത്തിക്കുറിച്ചു... ഹരി നിനക്കും കുട്ടികൾക്കും സുഖമാണോ? എനിക്കിവിടെ സുഖമാണ്. ഓണം ഇങ്ങെത്തി... ഇപ്രാവശ്യമെങ്കിലും കുട്ടികളെയുംകൂട്ടി നീ വരണം. ഞാൻ കാത്തിരിക്കും."കണ്ണിൽ പ്രതീക്ഷയുടെ പൂത്തിരികളുമായി അദ്ദേഹം കാത്തിരുന്നു. അങ്ങനെ ആ ദിവസം എത്തി. ആരോ വാതിലിൽ മുട്ടിയത്പോലെ വൃദ്ധന് തോന്നി. ആകാംക്ഷയോടെ വൃദ്ധൻ വാതിൽ തുറന്നു. പക്ഷേ അതൊരു പോസ്റ്റമാൻ ആയിരുന്നു.... വൃദ്ധൻ ആ കത്ത് പൊട്ടിച്ച് വായിച്ചു..

"അച്ഛനറിയാമല്ലോ... ഓഫീസിലെ തിരക്കും കുട്ടികളുടെ പഠനവും... അതുകൊണ്ട് ഇപ്രാവശ്യവും വരാൻ കഴിയില്ല. അച്ഛൻ വിഷമിക്കരുത്, അടുത്ത ഓണത്തിന് ആഘോഷിക്കാം..." അദ്ദേഹത്തിന്റെ കവിളിലൂടെ കണ്ണുനീർ തുള്ളികൾ ഒലിച്ചിറങ്ങി.. ഹൃദയം നുറുങ്ങുന്ന വേദനയോടെ അയാൾ വീട്ടിനകത്തേക്ക് പോയി.. പെട്ടെന്ന് ഒരു ശബ്ദം കേട്ട് അദ്ദേഹം വാതിൽ തുറന്നുചെന്നപ്പോൾ പുറത്ത് കുട്ടികളും മക്കളും... അവർ പറഞ്ഞു ഈ ഓണത്തിനെങ്കിലും ആഘോഷിക്കണമെന്ന് കുട്ടികൾക്ക് വാശി അതൊന്ന് സാധിച്ചുകൊടുത്തു.. വൃദ്ധന്റെ ചുണ്ടിൽ പുഞ്ചിരി വിടർന്നു... ഓടിച്ചെന്നവരെ കെട്ടിപ്പുണർന്നു.. അങ്ങനെ അവർ ഒന്നിച്ച് സാമോദത്തോടെ ഓണമാഘോഷിച്ചു..

നീതു കെ എം, 7 സി



## കൊറോണക്കാലത്തെ ഓൺലൈൻ ഓണം... ലേഖനം

മലയാളി ഇന്നോളം അനുഭവിച്ചിട്ടില്ലാത്ത ഗൃഹാതുരതയുടെ ഓണമാണിത്. ബന്ധുക്കളിൽ അധികവും വന്നില്ല, ദൂരെയുള്ള മക്കളിൽ പലരും എത്തിയില്ല. ബന്ധുവീടുകളിലേക്കോ വിനോദ കേന്ദ്രങ്ങളിലേക്കോ യാത്ര പോയിരുന്ന ഓണക്കാലം ഓർമ്മകൾ മാത്രം. പാഴ്സൽ സദ്യകൾ ഇത്തവണയും ഉണ്ട് .അതിനെ ആശ്രയിക്കുന്നവരും ഏറെ.... ഒരുപക്ഷേ മുൻവർഷങ്ങളേക്കാൾ എണ്ണത്തിൽ കുറയുമെന്ന മാത്രം. എങ്കിലും വീട്ടിൽ തന്നെ സദ്യ തയ്യാറാക്കി അതിന്റെ രുചി അനുഭവിക്കുന്നവരാണ് കൂടുതലും. വീട്ടിലെത്തുന്ന പേരമക്കളെ ഒപ്പമിരുത്തി മുത്തശ്ശിമാരും മുത്തശ്ശന്മാരും കഥകൾ പറഞ്ഞു കൊടുക്കുന്നതും ഇത്തവണ കുറച്ചു വീടുകളിലേ കാണാൻ സാധിക്കു .പ്രായമായവരുടെയും കുഞ്ഞുങ്ങളുടെയും സന്തോഷമായിരുന്ന അത് ..ഇത്തവണ ഈ ഭാഗ്യം വീടണഞ്ഞ മക്കൾക്കും പേരമക്കൾക്കും മാത്രം.അല്ലാത്തവർക്ക് ഓൺലൈൻ തന്നെ ശരണം.

ക്ലബ്ബുകളുടെയും മറ്റും ഓണാഘോഷക്കൂട്ടായ്മകൾ ഇത്തവണ സ്മരണകളിൽ ഒതുങ്ങും. വടംവലിയും സുന്ദരിക്ക്പൊട്ടുകുത്തലും കസേരകളിയും നാരങ്ങാസ്പൂണും ഉറിയടിയും എല്ലാം ഇത്തവണ ഓൺലൈനിൽ ആകും. ഓണമെന്നാൽ ഓണക്കളികളുടെ കൂടി കാലമാണ്. കൊറോണ എന്ന വലിയ കളിക്കാരൻ കൂടെയുള്ളത് കൊണ്ട് ഇത്തവണത്തെ ഓണക്കളികൾ മാറ്റിവെച്ചു. കണ്ണാന്തളി, പാരിജാതം, പവിഴമല്ലി, തെച്ചിപ്പൂ, മന്ദാരം.... കേട്ടു പരിചയമുണ്ട് നമുക്കിവയെല്ലാം സിനിമ പാട്ടുകളിൽ ...ഓണം എന്ന് പറഞ്ഞാൽ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് വിളഞ്ഞുനിൽക്കുന്ന നെൽപ്പാടങ്ങളും പൂത്തുനിൽക്കുന്ന മുക്കുറ്റിയും, തുമ്പയും പാറിക്കളിക്കുന്ന ഓണത്തുമ്പികളും ആയിരുന്നു .എന്നാൽ ഇന്നോ... പ്രളയത്തിൽ നശിച്ചുപോയ കൃഷിയിടങ്ങളും ഉരുൾപൊട്ടലിൽ കാണാതായ ഗ്രാമങ്ങളും ഓണക്കാഴ്ചയായി നമ്മുടെ മനസ്സിൽ മാറിക്കൊണ്ടിരിക്കുന്നു. ആവർത്തിച്ചു വരുന്ന പ്രകൃതിദുരന്തങ്ങൾ നമുക്ക് വലിയ മുന്നറിയിപ്പാണ് നൽകുന്നത് പ്രകൃതിയാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത് എന്ന് തിരിച്ചറിയണം. ഓണക്കോടിയുടുത്തും, ഓണസദ്യയുണ്ടും, പൂക്കളം ഒരുക്കിയും മാത്രമല്ല പ്രകൃതിയെ സംരക്ഷിച്ചും നമുക്ക് നമ്മുടെ മഹാബലി തമ്പുരാനെ ഇനിയും കാത്തിരിക്കാം.എല്ലാ ദുരിതങ്ങളും മറക്കാൻ വേണ്ടിയാവണം ഓണം ഉണ്ടായതുതന്നെ. അത്തം മുതൽ പത്തു ദിവസം ദുരിതങ്ങൾ മറന്ന് നന്മയുടെയും സമൃദ്ധിയുടെയും ഓണം നാം ആഘോഷിക്കുന്നു. മെല്ലെ മെല്ലെ ദുരിതത്തിൽ നിന്ന് സന്തോഷത്തിലേക്കുള്ള യാത്ര.. ഈ കൊറോണക്കാലം നല്ലൊരു ഓണക്കാലത്തിന് ഇനിയും വഴിമാറുമെന്ന ശുഭപ്രതീക്ഷയോടെ നമുക്ക് കാത്തിരിക്കാം.....

അൽന റോസ്, 7 എ




## ഓണപ്പദങ്ങൾ

- അഞ്ചാമോണം – ഉത്രട്ടാതി നാൾ. ഓണത്തിന്റെ അഞ്ചാം ദിവസം
- അമ്മായിയോണം – രണ്ടാമോണം. മരുമക്കത്തായ തറവാടുകളിൽ പ്രധാനം
- അവിട്ടക്കട്ട – ഓണക്കാലത്തെ ഒരു പലഹാരം
- അവിട്ടത്തല്ല് – ഓണത്തല്ലിന്റെ തുടർച്ചയായി അവിട്ടം നാളിൽ നടത്തുന്ന ഒരു വിനോദം
- ആറാമോണം – കാടിയോണം എന്നും പറയും. ഓണത്തിന്റെ ആറാം ദിവസം
- ഉത്രട്ടാതി വള്ളം കളി – ആറന്മുളയിലെ വള്ളം കളി
- ഉത്രാടപ്പാച്ചിൽ – ഓണസദ്യക്കുവേണ്ടിയുള്ള നെട്ടോട്ടവും തിരക്കും
- ഉത്രാടച്ചന്ത – ഓണത്തിനു മുന്നുള്ള ചന്ത
- ഉത്രാടവിളക്ക് -ഓണത്തലേന്ന് വീടുകളിൽ കൊളുത്തിവക്കേണ്ട വിളക്ക്
- ഉത്രാടക്കാഴ്ച – ഗുരുവായൂർ അമ്പലത്തിൽ ഓണത്തലേന്ന് ഒരുക്കുന്ന കാഴ്ചക്കുലകൾ
- ഉപ്പേരി – ഓണവിഭവങ്ങളിലൊന്ന്. കായ കൊണ്ടുണ്ടാക്കുന്നത്.
- ഓണക്കവിതകൾ,ഓണക്കഥകൾ,ഓണക്കിളി,ഓണത്തുമ്പി ,ഓണക്കോടി
- ഓണക്കൂട്ടം,ഓണത്താർ ,ഓണനക്ഷത്രം – തിരുവോണ നക്ഷത്രം
- ഓണപ്പട,ഓണപ്പാട്ട് ,ഓണപ്പൂവ്

### ഓണശൈലികൾ

- ഓണം കേറാമൂല, ഓണം ഊട്ടുക
- ഓണം ഉണ്ണുക, ഓണം  കൊള്ളുക
- ഓണപ്പാച്ചിൽ
- ഓണംമടുത്ത ചാലിയന്റെ ചേല്
- ഓണം വിഷു തിരുവാതിര



# ഓണച്ചൊല്ലുകൾ

ഓണവുമായി ബന്ധപ്പെട്ട് അനവധി ചൊല്ലുകൾ കേരളത്തിലുടനീളം നിലനിൽക്കുന്നു. "കാണം വിറ്റും ഓണം ഉണ്ണണം", " ഉള്ളതുകൊണ്ട് ഓണം പോലെ" എന്നിങ്ങനെയുള്ള, മലയാളിയുടെ നിത്യജീവിതത്തിന്റെ ഭാഗമായ ഈ ചൊല്ലുകൾ ഓണത്തിന്റെ പ്രാധാന്യത്തിന്റെ സൂചകങ്ങളുമാണ്.

- അത്തം പത്തിന് പൊന്നോണം
- അത്തം വെളുത്താൽ ഓണം കറുക്കും.
- അത്തപ്പത്തോണം വന്നടുത്തെടോ നായരേ,ചോതി പുഴുങ്ങാനും നെല്ലു തായോ.
- അവിട്ടക്കട്ട ചവിട്ടി പൊട്ടിക്കണം.
- ഉണ്ടെങ്കിലോണംപോലെ അല്ലെങ്കിലേകാദശി.
- ഉത്രാടമുച്ച കഴിഞ്ഞാൽ അച്ചിമാർക്കൊക്കെയും വെപ്രാളം.
- ഉള്ളതുകൊണ്ട് ഓണം പോലെ.
- ഉറുമ്പു ഓണം കരുതും പോലെ.
- ഒന്നാമോണം നല്ലോണം, രണ്ടാമോണം കണ്ടോണം, മൂന്നാമോണം മുക്കീം മൂളിം, നാലാമോണം നക്കീം തുടച്ചും, അഞ്ചാമോണം പിഞ്ചോണം, ആറാമോണം അരിവാളും വള്ളിയും.ഓണം കഴിഞ്ഞാൽ ഓലപ്പുര ഓട്ടപ്പുര.
- ഓണം കേറാമൂല.
- ഓണം പോലെയാണോ തിരുവാതിര?
- ഓണം മുഴക്കോലുപോലെ.
- ഓണം വന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ തന്നെ കഞ്ഞി.
- ഓണം വരാനൊരു മൂലം വേണം.
- ഓണത്തപ്പാ കുടവയറാ എന്നു തീരും തിരുവോണം.
- ഓണത്തിനിടയ്ക്കാണോ പുട്ടു കച്ചോടം?
- ഓണത്തിനല്ലയൊ ഓണപ്പുടവ.
- ഓണത്തേക്കാൾ വലിയ വാവില്ല.
- ഓണമുണ്ടവയറേ ചൂള പാടുകയുള്ളൂ.
- കാണം വിറ്റും ഓണമുണ്ണണം.

നിരഞ്ജന സൈന്ധവ,7 ബി



## ഐതിഹ്യങ്ങളുടെ കലവറയായ ഓണം

ലേഖനം

ഓണം കേരളത്തിൽ ആഘോഷിക്കാറുള്ളത് ഒരു ഉത്സവമായിട്ടാണല്ലോ . ചിങ്ങമാസത്തിലെ അത്തം നക്ഷത്രം മുതൽ തുടങ്ങുന്ന ഓണാഘോഷം തിരുവോണം നാളിൽ പ്രാധാന്യത്തോടെ ആഘോഷിക്കുകയും ചതയം നാൾ വരെ നീണ്ടു നിൽക്കുകയും ചെയ്യുന്നു . തൃക്കാക്കരയാണ് ഓണത്തപ്പന്റെ ആസ്ഥാനം. മുതിർന്നവർക്കും കുട്ടികൾക്കും ഓണം വളരെ ഇഷ്ടമാണ് . ഓണം സംബന്ധിച്ച് പല ഐതിഹ്യങ്ങളും ചരിത്ര രേഖകളും നിലവിലുണ്ടെങ്കിലും ഓണം അത്യന്തികമായി ഒരു വിളവെടുപ്പ് അഥവാ വ്യാപാരോത്സവ മാണെന്ന് കരുതിപ്പോരുന്നു .കേരളത്തിൽ ഓണം തമിഴ് നാട്ടിൽ നിന്നും സംക്രമിച്ചതാണെന്നാണ് വിദഗ്ദമതം .

' മാവേലി നാടുവാണീടും കാലം ,മാനുഷരെല്ലാരും ഒന്നു പോലെ '

ഈ വരികൾ ഒരിക്കലെങ്കിലും മൂളാത്ത മലയാളികൾ ആരും ഉണ്ടാകില്ല . ഇത് പാടുമ്പോൾ മനസ്സിൽ ഉണ്ടാവുന്ന ആ സന്തോഷവും നല്ല നാളെയുടെ ഓർമ്മകളും പറഞ്ഞറിയിക്കാവുന്നതിലും അപ്പുറമാണ്.

ഈ ആഘോഷപ്പൂലരികൾ നമ്മുടെ സങ്കൽപലോകം പീലിവിടർത്തി നിൽക്കുന്ന കാഴ്ച ഹൃദയഹാരിയാകുന്നു. പണ്ടൊരിക്കൽ നാട് മുഴുവൻ അടക്കി ഭരിച്ചുകൊണ്ടിരുന്ന ഒരു മഹാചക്രവർത്തിയായിരുന്ന മഹാബലി. പ്രജാക്ഷേമതൽപ്പരനും ഐശ്വര്യവാനുമായ അദ്ദേഹത്തിന്റെ ഭരണകാലത്ത് നാട്ടിലെങ്ങും സന്തോഷവും ഐശ്വര്യവും വിളയാടിയിരുന്നു.ഇതിൽ അസൂയപൂണ്ട ദേവന്മാർ ഉപജാപം നടത്തി അദ്ദേഹത്തെ ഉന്മൂലനം ചെയ്യാനായി വാമനനെ നിയോഗിച്ചു . എന്നാൽ വാമനന്റെ കുതന്ത്രത്തിൽപെട്ട് രാജ്യം വെടിയേണ്ടിവന്ന മന്നനാണ് മഹാബലി. ഈരേഴ് ലോകത്തും അഭയം നൽകാതെ വാമനൻ അവസാനം അദ്ദേഹത്തെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തിക്കളഞ്ഞു. പാതാളത്തേക്ക് പോകുമ്പോൾ അനുകമ്പ തോന്നി വാമനൻ മഹാബലിയോട് അന്ത്യാഭിലാഷം ചോദിച്ചു . വർഷത്തിലൊരിക്കൽ തന്റെ പ്രജകളെ കാണുന്നതിനായി കേരളം സന്ദർശിക്കാൻ അനുവാദം തരണമെന്ന് അദ്ദേഹം വാമനനോട് വരം ചോദിച്ചു . വാമനൻ അതു സമ്മതിക്കുകയും ചെയ്തു . അങ്ങനെ മഹാബലി തന്റെ ഇരിപ്പിടമായ പാതാള ലോകത്തു നിന്നും ഭൂമിയിൽ



കേരളത്തിലെത്തി തന്റെ പ്രജകളെ തൃക്കൺപാർക്കുന്ന ദിവസമാണ് തിരുവോണം . വിശാലമായ പ്രദേശത്തിന്റെ അധിപനായ തന്നോട് മൂന്നടിമണ്ണ് അവശ്യപ്പെടുന്ന ഇവനൊരു സാധു എന്ന ഭാവം അഹങ്കാരത്തിലെത്തുമ്പോൾ പ്രജാവത്സനായ ഒരു ഭരണാധികാരിയാണെങ്കിൽപോലും ശിക്ഷിക്കപ്പെടാതിരിക്കുന്നില്ല എന്ന പാഠം ഐതിഹ്യത്തെ പ്രഫുല്ലമാക്കുന്നു .

കേരളത്തിലും മധുര ഉൾപ്പെട്ട തമിഴ് നാട്ടിലും മറ്റും ഓണാഘോഷം നടന്നിട്ടുള്ളതായി സംഘകൃതികൾ വെളിപ്പെടുത്തുന്നു. സംഘകാലകൃതിയായ 'മധുരൈകാഞ്ചി' യിലാണ് ഓണത്തെക്കുറിച്ചുള്ള ആദ്യപരാമർശങ്ങൾ കാണുന്നത് . അസുരനായ മഹാബലിയെ ദേവനായ വിഷ്ണു പരാജയപ്പെടുത്തിയതിന്റെ സൂചന ഇതിലുണ്ട്. അസുര ദ്രാവിഡരാണ് ഈ ഓർമ്മ വർഷാവർഷം അനുസ്മരിച്ചു വന്നത്. പിന്നീട് കാർഷീകവും വാണിജ്യവുമായി അതു മാറി. കർക്കിടകമാസത്തിന് ശേഷം മാനം തെളിയുന്ന ഈ കാലത്താണ് വിദേശകപ്പലുകൾ പണ്ട് സുഗന്ധദ്രവ്യവ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. അതാണ് സ്വർണ്ണം കൊണ്ടുവരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും ഓണത്തെ പൊന്നോണമെന്നും വിളിക്കാനുള്ള കാരണം . കേരളത്തിൽ വിളവെടുപ്പിനേക്കാൾ അതിന്റെ വ്യാപാരത്തിനായിരുന്നു പ്രധാന്യം . ഓരോ ഓണവും കേരളീയരായ നമ്മെ സംബന്ധിച്ചിടത്തോളം സമ്പൽസമൃദ്ധിയുടെയും പ്രജാവത്സലനായ ആ നല്ല രാജാവിന്റേയും ഓർമ്മപുതുക്കൽ കൂടിയാണ്.

ആൻ മരിയ ജേക്കബ്ബ്, 5 സി

## നന്ദിയുടെ ഒരു വാക്ക്....

**ഓണവില്ല്** ഞങ്ങളുടെ ഒരു എളിയ ശ്രമമാണ്.ഇതിന് ഞങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും പിന്തുണയുമേകിയ ഹെഡ്മിസ്ട്രസിനും എല്ലാ അധ്യാപകർക്കും നന്ദി.ഈ അവസരമൊരുക്കിയ വിദ്യാരംഗം കലാസാഹിത്യവേദിക്ക് അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

------------------

